ഉത്തർപ്രദേശിൽ സമരം നടത്തുന്ന സെക്കൻഡറി അദ്ധ്യാപകർ 'പാണ്ഡേഗ്രൂപ്പ്' എന്നും 'ശർമാഗ്രൂപ്പ്' എന്നും രണ്ടു വിഭാഗങ്ങളായി തിരിഞ്ഞിരിക്കുകയാണ്. രണ്ടു ദിവസങ്ങളിലാണ് ഇവർ ഒരേ കാര്യത്തിനു സമരം ആരംഭിച്ചതു്. പാണ്ഡേ ഗ്രൂപ്പിന്റെ ആവശ്യം, പ്രൈവററ് സ്കൂളുകളെല്ലാം സർക്കാർ ഏറെറടുത്തു നേരിട്ടു നടത്തണമെന്നതാണ്. സ്കൂളുകൾ നടത്താൻ സ്വയം ഭരണമുള്ള ഒരു സ്ഥാപനം നിലവിൽ വരുത്തണമെന്ന് ശർമാഗ്രൂപ്പുകാർ വാദിക്കുന്നു. ഇത്തരമൊരു സ്ഥാപനം (ആട്ടോണമസ്ബോഡി) ഭരണകക്ഷിയിൽപ്പെട്ട ഏതാനും അദ്ധ്യാപകനേതാക്കളുടെ നിക്ഷിപ്തതാത്പര്യങ്ങൾ സംരക്ഷിക്കുകയേ ഉള്ളൂ എന്ന് പാണ്ഡേഗ്രൂപ്പുകാർ ആരോപിക്കുന്നു.

കേന്ദ്ര വിദ്യാഭ്യാസമന്ത്രി ശ്രീമതി ഷൈലാ കൗൾ പ്രതിനിധാനം ചെയ്യുന്നതു് ഉത്തർപ്രദേശിലെ ലഖ്നൗ നിയോജകമണ്ഡലത്തെയാണ്. ഉത്തർപ്രദേശിലെ വിദ്യാഭ്യാസ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉത്തർപ്രദേശ് രക്ഷാകർത്തൃസംഘടനയുടെ ഒരു നിവേദകസംഘം ഈയിടെ ശ്രീമതി കൗളിനെ ചെന്നു കാണുകയുണ്ടായി. വിദ്യാഭ്യാസത്തിൽ ഉത്തർപ്രദേശിലേതുപോലുള്ള ഒരു സ്ഥിതിവിശേഷം ഇന്ത്യയിൽ മറെറാരു സംസ്ഥാനത്തിലുമില്ലെന്ന് ശ്രീമതി കൗൾ അവരോടു പറഞ്ഞു. സ്കൂളിൽ ഹാജരാവാത്തവരും സമരം നടത്തിക്കൊണ്ടിരിക്കുന്നവരുമായ എല്ലാ അദ്ധ്യാപകർക്കും ഉത്തർപ്രദേശിൽ ശമ്പളം മുറയ്ക്കു കിട്ടുന്നുണ്ട്. 'ഡൈസ്നോൺ' അവിടെയില്ല. 'ജോലി ചെയ്യാത്തവർക്കു കൂലിയില്ല' എന്ന തത്ത്വവും അവിടെ ബാധകമല്ല. മററാർക്കുമില്ലാത്ത അവകാശങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന അദ്ധ്യാപകരുടെ ആക്രമണോന്മുഖവും ഉത്തരവാദിത്തരഹിതവുമായ പ്രവർത്തനങ്ങൾ സഹിച്ച് അടങ്ങിയിരിക്കാതെ, അവർക്കെതിരെ കർശനങ്ങളായ നടപടികൾ കൈക്കൊള്ളണമെന്ന് കേന്ദ്ര വിദ്യാഭ്യാസമന്ത്രി നിവേദകസംഘത്തോട് ആവശ്യപ്പെട്ടു.

അവിടെ അങ്ങനെ; ഇവിടെ എങ്ങനെ?

(25 ജനുവരി, 1984)

# 89. മദ്രാസ് സർവകലാശാലയുടെ ശതാബ്ദ്യനന്തര രജതജൂബിലി

മദ്രാസ് സർവകലാശാലയുടെ ശതാബ്ദ്യനന്തര രജതജൂബിലി (നൂററിരുപത്തഞ്ചാം വാർഷികം) ഇക്കഴിഞ്ഞ സെപ്തംബർ 20—ാം തീയതി മുതൽ നാലു ദിവസങ്ങളിലായി ആഘോഷിക്കപ്പെടുകയുണ്ടായി.

വാസ്തവത്തിൽ ഈ ജൂബിലി ആഘോഷിക്കേണ്ടിയിരുന്നതു് കഴിഞ്ഞ ആണ്ടിലാണ്. കാരണം, 1857—മാണ്ടിലായിരുന്നു കൽക്കത്തയിലേയും ബോംബെയിലേയും സർവകലാശാലകളോടൊപ്പം മദ്രാസ് സർവകലാശാല പ്രവർത്തനമാരംഭിച്ചതു്. പ്രസിഡൻസി സർവകലാശാലകൾ എന്നു വിളിക്കപ്പെട്ടിരുന്ന ഈ മൂന്നു കലാശാലകൾ സ്ഥാപിക്കപ്പെടുംമുമ്പുതന്നെ ഏതാനും കോളേജുകൾ ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ടായിരുന്നു. ഈ കോളേജുകളുടെ വിദ്യാഭ്യാസനിലവാരത്തിൽ ഐകരൂപ്യം ഉറപ്പുവരുത്തുന്നതിനായി ഇവയിൽ പ്രവേശനംനേടുന്ന വിദ്യാർത്ഥികൾക്ക് ഉണ്ടാവേണ്ട അടിസ്ഥാനയോഗ്യത, പഠനപരിപാടികൾ,

പാഠപ്പുസ്തകങ്ങളും റഫറൻസ് പുസ്തകങ്ങളും, കോഴ്സുകളുടെ നടത്തിപ്പ്, അദ്ധ്യാപകരുടെ യോഗ്യതകൾ, പരീക്ഷകളും മററു മൂല്യനിർണയനോപാധികളും, ബിരുദദാനം മുതലായവ സംബന്ധിച്ച ചട്ടങ്ങളുണ്ടാക്കുകയും അവ പ്രയോഗത്തിൽ വരുത്തുകയുമായിരുന്ന ആദ്യകാലത്തു്, ഈ മൂന്നു സർവകലാശാലകൾക്കും നൽകപ്പെട്ട ചുമതല. ലണ്ടൻ യൂനിവേഴ്സിററിയുടെ മാതൃകയിൽ ആരംഭിച്ച ഈ 'അഫിലിയേററിങ് യൂനിവേഴ്സിററി'കളിൽ പരീക്ഷ നടത്താനുള്ള സംവിധാനങ്ങളല്ലാതെ, പഠനവിഭാഗങ്ങളോ, ഗവേഷണവിഭാഗങ്ങളോ തുടക്കത്തിൽ ഉണ്ടായിരുന്നില്ല.

ഇന്നത്തെ തമിഴ്നാട് മുഴുവനും ആന്ധ്രപ്രദേശ്, കേരളം, കർണാടകം, ഒറീസ്സ എന്നീ സംസ്ഥാനങ്ങളുടെ കുറെ ഭാഗങ്ങളും തിരുവിതാംകൂർ, കൊച്ചി, മൈസൂർ, ഹൈദരാബാദ്, പുതുക്കോട്ട എന്നീ നാട്ടുരാജ്യങ്ങളും അടങ്ങുന്ന ദക്ഷിണേന്ത്യയിലാകെ ഉന്നതവിദ്യാഭ്യാസത്തിന്റെ ചുമതല വളരെക്കാലത്തേക്കു് മദ്രാസ് സർവകലാശാലയിൽ നിക്ഷിപ്തമായിരുന്നു. ഈ മാതൃസർവകലാശാലയിൽനിന്നു് അതാതുകാലത്തു് ഉത്ഭവിച്ച സ്വന്തമായ വ്യക്തിത്വം നേടി വളർന്നവയാണു് മൈസൂർ (സ്ഥാപനം 1916), ഉസ്മാനിയ (1918), ആന്ധ്ര (1926), അണ്ണാമല (1929), കേരളം (1937—ൽ ആരംഭിക്കുമ്പോൾ ഇതു് തിരുവിതാംകൂർ സർവകലാശാലയായിരുന്നു; പിന്നീടാണു് കേരള സർവകലാശാലയായതു്), ശ്രീവെങ്കിടേശ്വര (1954), മധുര കാമരാജ് (1966), തമിഴ്നാട് കൃഷി (1971), അണ്ണാ (1978), തമിഴ് (1981), ഭാരതീ ദാസൻ (1982), ഭാരതിയാർ (1982) എന്നീ സർവകലാശാലകൾ.

1923—ൽ നടപ്പിൽവന്ന മദ്രാസ് യൂനിവേഴ്സിററി നിയമം മദ്രാസ് സർവകലാശാലയെ, പരീക്ഷകൾ നടത്തുവാൻമാത്രം ചുമതലപ്പെട്ടിരുന്ന ഒരു സ്ഥാപനം എന്ന നിലയിൽനിന്നു് ഒരു 'ടീച്ചിങ് ആൻഡ് റെസിഡെൻഷ്യൽ യൂനിവേഴ്സിററി'യുടെ പദവിയിലേക്കു് ഉയർത്തി. സ്വന്തം ഗവേഷണവിഭാഗങ്ങൾ സ്ഥാപിച്ചു നടത്താനുള്ള അധികാരം മദ്രാസ് സർവകലാശാലയ്ക്കു കൈവന്നതു് ഈ നിയമത്തിലൂടെയാണു്. ആർട്സ്, നിയമം, വൈദ്യശാസ്ത്രം, എൻജിനീയറിങ് എന്നീ നാലു ഫാക്കൽററികൾ അന്നു് ആരംഭിച്ചു.

ഇക്കഴിഞ്ഞ ഒന്നേകാൽ നൂററാണ്ടുകാലത്തിനിടയ്ക്കു ദക്ഷിണേന്ത്യയെ ആധുനികീകരിക്കുന്നതിൽ മദ്രാസ് സർവ്വകലാശാല നൽകിയ സംഭാവന എത്രയെന്നു പറയാനാവില്ല. ഭരണവിദഗ്ദ്ധന്മാർ, നിയമജ്ഞന്മാർ, വിദ്യാഭ്യാസപ്രവർത്തകർ, ശാസ്ത്രജ്ഞന്മാർ, ഡോക്ടർമാർ, സാങ്കേതികവിദ്യാനിപുണന്മാർ, പത്രപ്രവർത്തകർ, രാഷ്ട്രതന്ത്രജ്ഞന്മാർ, വ്യവസായ പ്രമുഖന്മാർ, ദാർശനികന്മാർ സാഹിത്യകാരന്മാർ, കലാകാരന്മാർ തുടങ്ങി ആധുനികജനജീവിതത്തിന്റെ വിഭിന്നമേഖലകളിൽ അഗാധമായ സ്വാധീനം ചെലുത്തിയ എത്രയോ പ്രതിഭാശാലികൾ ഈ സർവകലാശാലയിൽ പരിശീലനം നേടി ജീവിതരംഗത്തിൽ പ്രവേശിക്കുകയുണ്ടായി.

സത്യമൂർത്തിയെപ്പോലെ ആദർശശാലികളും വാഗ്മികളുമായ ഒട്ടുവളരെ വിദ്യാഭ്യാസവിചക്ഷണർ മദ്രാസ് സർവകലാശാലയുടെ സിൻഡിക്കേററിലും സെനററിലും അക്കാദമിക് കൗൺസിലിലും ഫാക്കൽററികളിലും ബോർഡുകളിലും മററു സമിതികളിലും അംഗങ്ങളായി ദീർഘകാലസേവനം നിർവഹിച്ചിട്ടുണ്ടു്. പ്രഗല്ഭരായ വൈസ് ചാൻസലർമാരുടെ ഒരു പരമ്പര ഈ സർവകലാശാലയെ അതാതു കാലത്തു നിയന്ത്രിച്ചുവന്നു. ഇവരിൽ, ഇരുപത്തേഴ വർഷം ഈ സർവകലാശാലയിൽ ഏതാണ്ടു് ഏകച്ഛത്രാധിപത്യംതന്നെ പുലർത്തിയ ഡോക്ടർ എ.

ലക്ഷ്മണസ്വാമി മുതലിയാരുടെ പേർ പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്. ഡോക്ടർ മുതലിയാർ മദ്രാസ് സർവകലാശാലയുമായി തികച്ചും താദാത്മ്യം നേടിയിരുന്നു. 'മെല്ലെ ധൃതികൂട്ടുക' (ഹെയ്സൻ സ്ലോലി) എന്നതു് ഒരു മുദ്രാവാക്യമായിത്തന്നെ ആവർത്തിക്കാറുള്ള ഡോക്ടർ മുതലിയാരുടെ സനിഷ്കർഷമായ ഭരണത്തിൻകീഴിൽ മദ്രാസ് സർവകലാശാലയ്ക്കുണ്ടായ അഭിവൃദ്ധി അത്ഭുതാവഹമായിരുന്നു. പാരമ്പര്യത്തെ മുറുകെപ്പിടിച്ചുകൊണ്ടുതന്നെ പുതുമകളെ ഉൾക്കൊള്ളുവാനുള്ള കഴിവ് മദ്രാസ് സർവകലാശാലയ്ക്കു നൽകിയതു് ഡോ. മുതലിയാർ ആണെന്നു പറയാം. സാങ്കേതിക വിദ്യാപഠനത്തിനുള്ള 'അഴകപ്പ ചെട്ടിയാർ കോളേജ് ഓഫ് ടെക്നോളജി' മദ്രാസിൽ സ്ഥാപിക്കപ്പെട്ടതു് ഡോ. മുതലിയാരുടെ പരിശ്രമഫലമായിട്ടാണ്. സർവകലാശാലകളിൽ ഉന്നത പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി 1962—ൽ സർവകലാശാലധനസഹായക്കമ്മീഷൻ പ്രഖ്യാപിച്ചപ്പോൾ, സസ്യശാസ്ത്രം, ഭൗതികശാസ്ത്രം, ഗണിതം, തത്ത്വശാസ്ത്രം എന്നീ വിഷയങ്ങൾക്കുള്ള നാലു് ഉപരിപഠനകേന്ദ്രങ്ങൾ മദ്രാസ് സർവകലാശാല നേടിയതും ഡോ. മുതലിയാരുടെ പരിശ്രമത്തിന്റെ ഫലമായിട്ടത്രേ. സ്വയംഭരണാധികാരമുള്ള (ആട്ടോണമസ്) കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള സർവകലാശാലാധനസഹായക്കമ്മീഷന്റെ പദ്ധതിയനുസരിച്ച് ഇന്ത്യയൊട്ടുക്കുമായി നിലവിൽവന്നിട്ടുള്ള പത്തൊമ്പതു് അത്തരം കോളേജുകളിൽ പതിനാറും തമിഴ്നാട്ടിൽ ആണെന്ന കാര്യവും പ്രസ്താവ്യമാണ്. 1978—ൽ നിലവിൽവന്ന ഈ സ്വയം ഭരണാധികാരമുള്ള കോളേജുകളിൽ പന്ത്രണ്ടെണ്ണം മദ്രാസ് സർവകലാശാലയുടെ കീഴിലും നാലെണ്ണം മധുര സർവകലാശാലയുടെ കീഴിലും ആകുന്നു. മദ്രാസ് സർവകലാശാലയിൽ ഇപ്പോൾ അമ്പത്താറ് പഠന—ഗവേഷണ വിഭാഗങ്ങളുണ്ട്. നൂററാറു് കോളേജുകൾ സർവകലാശാലയുമായി അഫിലിയേററ്ചെയ്യിരിക്കുന്നു. കേന്ദ്ര സർക്കാരോ, സ്റ്റേററ് സർക്കാരോ, സ്വകാര്യസ്ഥാപനങ്ങളോ നടത്തുന്ന ഇരുപത്തഞ്ചിലേറെ സ്ഥാപനങ്ങളെ എം. ഫിൽ., പി എച്ച്.ഡി. എന്നീ ബിരുദങ്ങളിലേക്കു നയിക്കുന്ന ഗവേഷണത്തിനായി അംഗീകരിച്ചിട്ടുമുണ്ട്. കോളേജുകളിലൂടെയുള്ള അദ്ധ്യാപനത്തിനു പുറമേ, കത്തിടപാടുകളിലൂടെയുള്ള ശിക്ഷണവും സർവകലാശാലയിൽ ഏർപ്പെടുത്തിയിരിക്കുന്നു. പ്രാണിശാസ്ത്രം, രസതന്ത്രം എന്നിവയിൽ എം. എസ്സ്സി ബിരുദത്തിനു കത്തിടപാടിലൂടെയുള്ള കോഴ്സ് ആരംഭിച്ചതു് ഈയാണ്ടിലാണ്. ബിരുദാനന്തരതലത്തിൽ പ്രത്യേകിച്ചും ശാസ്ത്രവിഷയങ്ങളിൽ, കത്തിടപാടുകളിലൂടെ ശിക്ഷണം നല്കുന്ന സർവകലാശാലകൾ അധികമില്ല. പരിസ്ഥിതിവിജ്ഞാനം, സമുദ്രജീവവിജ്ഞാനം, സമുദ്രഭൂവിജ്ഞാനം, രാജ്യരക്ഷാശാസ്ത്രം മുതലായ സമകാലപ്രസക്തിയുള്ള പല പഠനമണ്ഡലങ്ങളിലും ബിരുദാനന്തരതല ശിക്ഷണം മദ്രാസ് സർവകലാശാലയിൽ നൽകിവരുന്നുണ്ട്.

മതങ്ങൾ, തത്ത്വശാസ്ത്രങ്ങൾ എന്നിവയുടെ പഠനത്തിനു് ഉദാരമായ സംവിധാനം മദ്രാസ് സർവകലാശാല ഏർപ്പെടുത്തിയിട്ടുണ്ട് എന്നതും എടുത്തു പറയേണ്ടതാണ്. ജൈനമതം, ഇസ്ലാം, ശൈവസിദ്ധാന്തം, ശ്രീവൈഷ്ണവ (രാമാനുജ) സമ്പ്രദായം എന്നിവയുടെ പഠനത്തിനു വകുപ്പുകൾ മദ്രാസ് സർവകലാശാലയിൽ നിലവിൽവന്നിരിക്കുന്നു. തമിഴ്—ക്രിസ്ത്യൻ സാഹിത്യത്തിന്റെ പഠനത്തിനും ഒരു വകുപ്പു സ്ഥാപിച്ചിരിക്കുന്നു. മാധ്വസമ്പ്രദായം, സിഖ്മതം എന്നിവയുടെ പഠനത്തിനുള്ള വകുപ്പുകൾ സ്ഥാപിക്കാനും ഉദ്ദേശമുണ്ട്. ഗാന്ധിചിന്താപഠനത്തിനും സമാധാനഗവേഷണത്തിനുമായി ഒരു വകുപ്പു വൈകാതെ ആരംഭിക്കുന്ന

താണ്. അണ്ണാദുരയുടെ ചിന്തയുടെ പഠനത്തിന് ഒരു വകുപ്പ് ആരംഭിക്കാൻ ആവശ്യമായ ധനം തമിഴ്നാട്ടിലെ ഇപ്പോഴത്തെ ഭരണകക്ഷി സംഭാവനയായി നൽകാമെന്നേററിരിക്കുന്നു. ഇരുപതു ലക്ഷം രൂപ സംഭാവന ലഭിക്കുന്നപക്ഷം ഇത്തരമൊരു വകുപ്പ് ആരംഭിക്കാമെന്നതാണു സർവകലാശാലയുടെ നിലപാട്. ഇ. വി. രാമസ്വാമിനായ്ക്കർ, രാജാജി, കാമരാജ് മുതലായവരുടെ ചിന്തകളെ സംബന്ധിച്ച പഠനങ്ങൾക്കുവേണ്ടിയും വകുപ്പുകൾ ആരംഭിക്കാനുദ്ദേശമുണ്ടെന്ന് ഇപ്പോഴത്തെ വൈസ് ചാൻസലർ ഡോ. എം. സാന്തപ്പ പ്രസ്താവിക്കുകയുണ്ടായി. ഏതെങ്കിലും മതമോ, പ്രത്യേക ചിന്താസരണിയോ പ്രചരിപ്പിക്കുകയല്ല, മതങ്ങളുടെയും ചിന്താസരണികളുടെയും സാരാംശങ്ങളെ ശാസ്ത്രീയമായും ക്രമബദ്ധമായും പഠിക്കുകയാണ്, ഈ വകുപ്പുകളുടെ ലക്ഷ്യം. ഇന്ത്യയിൽ മററതെങ്കിലും സർവകലാശാല ഇത്തരം സമകാലികപ്രാധാന്യമുള്ള വിഷയങ്ങൾക്കു പരിഗണന നൽകുന്നുണ്ടോ എന്ന കാര്യം സംശയമാണ്. ഇൻഡോ—ജാപ്പനീസ് പഠനങ്ങൾക്കുള്ള ഒരു കേന്ദ്രം ചുരുങ്ങിയ തോതിലാണെങ്കിലും മദ്രാസ് സർവകലാശാല ആരംഭിച്ചുകഴിഞ്ഞു. പ്രകടനാത്മക കലകൾ, ഊർജം, കമ്പ്യൂട്ടർ സയൻസ്, അന്താരാഷ്ട്രീയ ധാരണ, കുടുംബവൈദ്യം മുതലായ വിഷയങ്ങളിലും കോഴ്സുകൾ നടത്താൻ ആലോചനയുണ്ട്. നൂററിരുപത്തഞ്ചു വയസ്സു തികഞ്ഞതിനു ശേഷവും മദ്രാസ് സർവകലാശാല അതിന്റെ യുവചൈതന്യം മാത്രമല്ല കൗമാരകൗതുഹലംകൂടി നിലനിർത്തിവരുന്നുണ്ടെന്നതിന് ഇതെല്ലാം മതിയായ തെളിവുകളാണ്.

പ്രശസ്തമായ ഈ മാതൃവിദ്യാസ്ഥാപനവുമായുള്ള ബന്ധത്തിൽ അഭിമാനിക്കുകയും, ആ ബന്ധത്തിന്റെ മധുരസ്മരണകൾ പുലർത്തുകയും ചെയ്യുന്ന വളരെയധികം ആളുകൾ, തമിഴ്നാട്ടിലും മററു ദക്ഷിണേന്ത്യൻ സ്റ്റേററുകളിലുമെന്നപോലെ, കേരളത്തിലും ഉണ്ടായിരിക്കും. വ്യക്തിപരമായി പറഞ്ഞാൽ, ഒരു ഗവേഷണവിദ്യാർത്ഥിയെന്ന നിലയിൽ മദ്രാസ് സർവകലാശാലയിൽ കഴിച്ചുകൂട്ടിയ മൂന്നു വർഷങ്ങളെ ഞാൻ അത്യന്തം വിലമതിക്കുന്നുണ്ട്. മദ്രാസ് സർവകലാശാലയുമായി അഫിലിയേററ്ചെയ്ത ഒരു കോളേജിലെ അദ്ധ്യാപകനെന്ന നിലയിൽ, സർവകലാശാലയിലെ അക്കാദമിക് കൗൺസിലിൽ അംഗമായി മൂന്നു വർഷം പ്രവർത്തിക്കാനും എനിക്ക് അവസരമുണ്ടായി. മദ്രാസ് സർവകലാശാലയുമായി ഔപചാരികബന്ധങ്ങൾ അവസാനിച്ചശേഷവും, സമ്പന്നമായ സർവകലാശാലാ ലൈബ്രറി തപാൽ വഴി നൽകുന്ന സേവനം വളരെക്കാലത്തോളം ഞാൻ ഉപയോഗപ്പെടുത്തിവന്നിരുന്നു. അറിവിന് ഒട്ടെങ്കിലും ആഴവും പരപ്പും നേടുവാൻ എനിക്കു കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിനു ഈ മാതൃസർവകലാശാലയോടു ഞാൻ കടപ്പെട്ടിരിക്കുന്നു. ഇതേ മനോഭാവം, ഏറിയോ, കുറഞ്ഞോ പുലർത്തുന്ന ആയിരക്കണക്കിനാളുകൾ കേരളത്തിൽ വേറെയുമുണ്ടായിരിക്കും. മദ്രാസ് സർവകലാശാല നേടിക്കൊണ്ടിരിക്കുന്ന പുരോഗതിയെപ്പററി അറിയുന്നതു് അവർക്ക് ആഹ്ലാദകരമാണ്; അതിന്റെ രൂപത്തിലും ഭാവത്തിലും വന്നുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങളെപ്പററി മനസ്സിലാക്കുന്നതു വിജ്ഞാനപ്രദവും. ഈ ആഹ്ലാദവും വിജ്ഞാനവും നേടുന്നതിനു സെപ്തംബർ 20—ാം തീയതി മുതൽ നാലു ദിവസങ്ങളിലായി നടന്ന മദ്രാസ് സർവകലാശാലയുടെ ശതാബ്ദ്യനന്തര രജതജൂബിലി ആഘോഷങ്ങൾ അവർക്ക് അവസരം നൽകിയിരിക്കുന്നു.

(23 സെപ്തംബർ, 1983)